ഉത്തരം

(എ) 9,73,851

(ബി) 9,40,716

(സി) കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

എൽ. ടി.-4,98,217

എച്ച്. ടി.-12

കാസർഗോഡ് ജില്ലയിൽ വൈദ്യുതി കണക്ഷനുവേണ്ടിയുള്ള പ്രവൃത്തികൾ

23 [1707] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി കണക്ഷനുവേണ്ടി ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര തുക കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എത്ര എണ്ണം പൂർത്തിയാക്കാനുണ്ടെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിശദവിവരം † അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യുടെ മറ്റ് പദ്ധതികളിൻ കീഴിലുള്ള പ്രവൃത്തികളുടെ നിർവ്വഹണം സാധന സാമഗ്രികളുടെ ലഭ്യത എന്നിവയ്ക്ക് കൂടി വിധേയമായി മുൻഗണനാടിസ്ഥാനത്തിൽ ചെയ്തുതീർക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly